# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4383
## 25.10.2016 ലെ മറുപടിയ്ക്ക്

**ട്രഷറികളുടെ ആധുനികവത്ക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക്** |
| സംസ്ഥാനത്തെ ട്രഷറികൾ ആധുനികവൽക്കരിക്കുന്നതിനും കോർ ബാങ്കിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് വഴിയാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | ധനകാര്യവകുപ്പിൽ നടപ്പിലാക്കിവരുന്ന സംയോജിത സാമ്പത്തിക മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കോർബാങ്കിങ് സംവിധാനത്തിലേക്ക് മാറ്റി വരികയാണ്. ഇതിനകം 163 ട്രഷറികളെ ഈ സംവിധാനം വഴി ബന്ധിപ്പിച്ചു കഴിഞ്ഞു. കോർബാങ്കിങ് സംവിധാനം പൂർണ്ണമാവുന്ന മുറയ്ക്ക് ട്രഷറി സേവിങ്ങ്സ് ബാങ്കിൽ അക്കൗണ്ടുള്ള ഒരാൾക്ക് കേരളത്തിലെ ഏത് ട്രഷറിയിൽ നിന്നും പണമിടപാട് നടത്തുവാൻ കഴിയും.<br><br>കോർബാങ്കിങ് സംവിധാനം പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പള വിതരണവും പെൻഷൻ വിതരണവും പൂർണമായും ട്രഷറി അക്കൗണ്ടുകൾ വഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. ഉപഭോക്താക്കളുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം പണം ഓൺലൈനായി നൽകുന്ന കാര്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ട്രഷറികളിൽ നടന്നുവരുന്ന മറ്റ് ആധുനികവൽക്കരണ പദ്ധതികൾ താഴെ ചേർക്കുന്നു.<br><br><u>നെറ്റ് ബാങ്കിങ്</u><br>സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും പരസ്പരം ബന്ധിപ്പിച്ചുകഴിഞ്ഞു. നെറ്റ്ബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽ നിന്നും പണം മറ്റ് ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏതു സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും നിലവിൽ വരും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല ഈ സേവനം ഓഫീസ് സമയത്തിനുശേഷവും എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാൻ കഴിയുന്നതാണ്. |

| | |
|---|---|
| | <u>യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം</u><br>ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടു വഴി വൈദ്യുതി, വെള്ളക്കരം. KSFE ചിട്ടി, ടെലഫോൺ ചാർജ്ജ്, വീട്ടുകരം, നികുതി, സർവകലാശാല ഫീസുകൾ തുടങ്ങിയവ അടക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ നിർമ്മാണം പുരോഗമിക്കുന്നു.<br><br><u>ഇ-ട്രഷറി സംവിധാനം:-</u><br>ഇ-ട്രഷറി സംവിധാനം വഴി ഉപഭോക്താൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. മറ്റു വകുപ്പുകളേയും ഇ-ട്രഷറി സംവിധാനത്തിൽ കൊണ്ടുവരുന്നതാണ്. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെയും എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ